DESPATCHED On... 29/06/2020

10. 3. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 449(7)/2013**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2881**/എസ്.ഐ.സി–ജി 6/13)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

അഡ്വ.സി.എസ്.ഗോവിന്ദപിള്ള,
അശ്വതി, തലവടി പി.ഒ.,
പിൻ – 689 572.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വാണിജ്യ നികുതി ആഫീസർ മൂന്നാം സർക്കിൾ,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
വാണിജ്യ നികുതി ആഫീസർ മൂന്നാം സർക്കിൾ,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.01.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.01.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.02.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.02.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.11.2018 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ അഡ്വ.സി.എസ്.ഗോവിന്ദ പിള്ള,

24.02.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 04.03.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.449(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും അപ്പീൽ അധികാരിയുടെ വിലാസം നൽകിയില്ലെന്നും ആകയാൽ ടി വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 14.01.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.01.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഒന്നാം അപ്പീൽ സമർപ്പിച്ചതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 08.04.2013ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടി ഓഫീസിലെ ഫയലുകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ അസിസ്റ്റന്റ് കമ്മീഷണർ ടി കത്തിന് മറുപടി നൽകുന്നതിന് 18.01.2013ലെ കത്തു പ്രകാരം ടി ഓഫീസിലേയ്ക്ക് അയച്ചിരുന്നുവെന്നും എന്നാൽ ഇതേ വിഷയങ്ങൾതന്നെ ആവശ്യപ്പെട്ട് അഡ്വ.അജിത് മുരളി എന്നയാൾ 09.11.2012ന് അസിസ്റ്റന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയ്ക്ക് മറുപടി നൽകുന്നതിനായി 17.11.2019ന് ടിയാന്റെ അപേക്ഷ കൈമാറുകയും ചെയ്തുവെന്നുമാണ്. എന്നാൽ ടി അപേക്ഷ പരിശോധിച്ചതിൽ മൂന്നാം കക്ഷിയെ സംബന്ധിച്ച വിവരങ്ങളാകയാൽ 11-ാം വകുപ്പ് പ്രകാരം മറുപടി നൽകുന്നതിന് ബന്ധപ്പെട്ട കക്ഷികളുടെ സമ്മതം ആവശ്യമാകയാൽ ടി കക്ഷികളോട് സമ്മതം ആരായുകയും ടി വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തുവെന്നുമാണ്. തുടർന്ന് 13.12.2012ന് മേൽപ്പടി കക്ഷികൾ എതിർപ്പ് അറിയിച്ചതിനെ തുടർന്ന് ടി വിവരം ഹർജിക്കാരനെ അറിയിച്ചുവെന്നുമാണ്. അഡ്വ.അജിത് മുരളിയും ഹർജിക്കാരനും ആവശ്യപ്പെട്ട വിവരങ്ങൾ ഒരേ വ്യക്തിയേയും ഒരേ വ്യാപാര സ്ഥാപനത്തേയും സംബന്ധിച്ചാകയാൽ 11-ാം വകുപ്പ് പ്രകാരം മൂന്നാം കക്ഷിയുടെ സമ്മതം ആരായാതെ തന്നെ ഹർജിക്കാരന് മറുപടി നൽകിയെന്നുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ തികച്ചും വ്യക്തിപരവും വിവരാവകാശ നിയമ

ത്തിലെ വകുപ്പ് 8(1)(ജെ)(ഡി) എന്നീ വകുപ്പുകൾ പ്രകാരം നൽകാൻ കഴിയാത്ത താണെന്നു കണ്ടതിനാൽ നൽകിയില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന് മറുപടി നൽകിയിട്ടു ണ്ടെന്നാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും രേഖകൾ പരിശോധിച്ചതിലും ഹർജിക്കാരന് നൽകാൻ കഴിയാവുന്ന വിവരങ്ങൾ നൽകിയിട്ടുള്ളതായും മറ്റൊരു കമ്മീഷണർ ഇതേ വിഷയത്തിൽ തീർപ്പു കൽപ്പിച്ചതായി കാണുന്നതി നാലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 10–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/